(ഡി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കായംകുളം സർക്കാർ ആശുപത്രിയുടെ ഭരണചുമതല കായംകുളം മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഇത്തരം സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാരിന് ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയില്ല.

ചീമേനിയിലെ തുറന്ന ജയിലിനോടനുബന്ധിച്ച് ആശുപത്രി

149(891)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ പ്രവർത്തനം ആരംഭിക്കുന്ന തുറന്ന ജയിലിനോടനുബന്ധിച്ച് ഒരു ആശുപത്രി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

ഇത്തരമൊരു ആവശ്യം ജയിൽ അധികൃതരിൽ നിന്നും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റോറിൽ നിന്ന് സാധനങ്ങൾ കാണാതായ സംഭവം

150(892)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റോറിൽ നിന്ന് എത്ര തവണ സാധനങ്ങൾ കാണാതായിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ നിന്ന് എന്തെല്ലാം സാധനങ്ങളാണ് കാണാതായതെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റോറിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട അധികാരികൾ എത്ര തവണ ഈ കാലയളവിൽ സ്റ്റോക്ക് പരിശോധന നടത്തിയെന്ന് വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) രണ്ടു തവണ.

(ബി) 1. മുറിവ് തയ്ക്കാനുള്ള നൂല്.

2. പെത്തിഡിൻ ഇൻജക്ഷൻ

3. എക്സ്റേ ഫിലിമുകൾ

(സി) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എത്ര തവണ സ്റ്റോക്ക് പരിശോധന നടത്തിയെന്നുള്ളതിന്റെ വിവരം ഉടൻ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നൂൽ കാണാതായതുമായി ബന്ധപ്പെട്ട് ലൈല ഫാത്തിമ മേരി, ഫാർമസിസ്റ്റ്, വിജയൻ, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ശ്രീ. പി.ഡി. കൃഷ്ണ രാജ്, സ്റ്റോർ സൂപ്രണ്ട് എന്നിവരെയും, പെത്തിഡിൻ ഇൻജക്ഷൻ കാണാതായ തുമായി ബന്ധപ്പെട്ട് ശ്രീ. കെ.എൻ. വിൽസൺ, സ്റ്റോർ സൂപ്രണ്ട് എന്നയാളെയും സസ്പെന്റ് ചെയ്ത് അച്ചടക്കനടപടികൾ തുടർന്നുവരുന്നു. അച്ചടക്ക നടപടിക്ക് വിധേയമായി ആദ്യത്തെ മൂന്നു പേർ പിന്നീട് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

151(893)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നടന്ന നിയമനങ്ങളിൽ ക്രമക്കേട് നടന്നതായി പരാതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തസ്തികയിൽ സ്ത്രീകളെ നിയമിക്കാൻ വ്യവസ്ഥയുണ്ടോ;

(സി) സ്ത്രീകൾ ഈ തസ്തികയിൽ ജോലി നോക്കുന്നുണ്ടോ;

(ഡി) ഈ തസ്തികയിലേക്ക് സർക്കാർ തെരഞ്ഞെടുത്ത് പരിശീലനം നല്കുന്നതിൽ സ്ത്രീകൾ ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) അന്യസംസ്ഥാനങ്ങളിൽ നിന്നും നേടുന്ന ഡിപ്ലോമ സർട്ടിഫിക്കറ്റ് ഈ നിയമനത്തിന് മതിയായ യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഈ യോഗ്യതയുള്ളവർ ആരെങ്കിലും ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അവരെ നിയമിച്ചതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഐ) ഈ വിഭാഗത്തിൽപ്പെടുന്ന ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ജെ) സർക്കാർ തെരഞ്ഞെടുപ്പ് പരിശീലനം നല്കിയവരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(കെ) വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സെന്ററുകളിൽ ഓരോന്നിലും എത്ര സീറ്റുകൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ; ഓരോന്നിലും എത്രപേർ ഇപ്പോൾ ട്രെയിനിംഗ് നടത്തുന്നുണ്ട്?

ഉത്തരം

(എ) ക്രമക്കേടുകൾ നടന്നു എന്ന് ആരോപിച്ചുകൊണ്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകളെ നിയമനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly